**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1338** **10-10-2024 - ൽ മറുപടിയ്ക്ക്**

**ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ അഡ്വഞ്ചർ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ; തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ കാട്ടക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി വിനോദസഞ്ചാര വകുപ്പിന് അഡ്വഞ്ചർ ടൂറിസം അക്കാഡമി തുടങ്ങുന്നതിനുള്ള ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് (TIM) ന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്നതിനായി KATPS 9,82,42,385/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും തുടർന്ന് 05.10.2024 തീയതിയിൽ ടൂറിസം വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഡ്വഞ്ചർ പാർക്ക്, അഡ്വഞ്ചർ ടൂറിസം അക്കാദമി എന്നിങ്ങനെ 2 ഭാഗങ്ങളായി നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിനായി ടെണ്ടർ മുഖാന്തരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ